സംസ്കൃത സംഭാഷണ ക്ലാസ്സുകൾ നടത്തുന്നതിനും, ഭാഷയിൽ പ്രഭാഷണ മൽസരം, പദ്യപാരായണം തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുമായി 30,000 (മുപ്പതിനായിരം) രൂപയും, ഭാസ നാടകങ്ങളുടെ ക്രിട്ടിക്കൽ എഡിഷൻ ആന്റ് സ്റ്റഡി തയ്യാറാക്കുന്നതിനു വേണ്ടി 2,30,000 (രണ്ടു ലക്ഷത്തി മുപ്പതിനായിരം) രൂപയുടെ പ്രോജക്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കേരള, കോഴിക്കോട്, കാലടി സംസ്കൃത സർവ്വകലാശാലകളിൽ ഗവേഷണത്തിനുള്ള ഫെല്ലോഷിപ്പുകൾക്കും സ്കോളർഷിപ്പുകൾക്കും അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടെന്നും എന്നാൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വർഷംതോറും അഞ്ച് പേർക്കാണ് സർവ്വകലാശാല ഫെല്ലോഷിപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും എന്നാൽ ഒരു വർഷവും മുഴുവൻ പേരും തികയാറില്ല എന്നും ബന്ധപ്പെട്ട സർവ്വകലാശാല രജിസ്ട്രാർമാർ സർക്കാരിനെ അറിയിക്കുന്നു.

ക്ലറിക്കൽ തസ്തികയിൽ സൂപ്പർ ന്യൂമററിയായിട്ടുള്ള ജീവനക്കാർക്ക് സമാന തസ്തികകളിൽ നിയമനം നൽകുവാൻ നടപടി

115 [3005] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇതിനോടനുബന്ധിച്ച് കെ. എസ്. ആറും യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടും ഭേദഗതി ചെയ്യാതെ ഈ ഉത്തരവ് നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ;

(സി) പുതിയ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് അധികം വരുന്ന അനദ്ധ്യാപക ജീവനക്കാർക്ക് ജോലി സംവരണം ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുമ്പോൾ ക്ലറിക്കൽ തസ്തികയിൽ സൂപ്പർ ന്യൂമററിയായിട്ടുള്ള ജീവനക്കാർക്ക് സമാനതസ്തികകളിൽ നിയമനം നൽകുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് അധികം വരുന്ന അനദ്ധ്യാപക ജീവനക്കാരെ സൂപ്പർ ന്യൂമറിയായിട്ട് നിലനിർത്തി അവർ റിട്ടയർ ചെയ്യുന്നതുവരെയോ ഉദ്യോഗക്കയറ്റം കിട്ടുന്നതുവരെയോ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നതാണ്.

(ഡി) പുതിയ സ്റ്റാഫ് പാറ്റേൺ പ്രകാരം, ആവശ്യമായ ജീവനക്കാരുടെ എണ്ണം കണക്കാക്കിവരുന്നു.

അട്ടപ്പാടി മലയോര മേഖലയിൽ ഗവൺമെന്റ് കോളേജ് അനുവദിക്കാൻ നടപടി

116 [3006] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി മലയോര മേഖലയിലെ ആദിവാസികളടക്കമുള്ള വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ സൗകര്യം പരിഗണിച്ച് ഇവിടെ ഒരു ഗവൺമെന്റ് കോളേജ് ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി ഏതു വരെയായി എന്നു വ്യക്തമാക്കുമോ;

(സി) ഇതിന്റെ പ്രവർത്തനം വരുന്ന അധ്യയന വർഷത്തിൽ ആരംഭിക്കാനാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) അട്ടപ്പാടിയിൽ ഒരു ഗവൺമെന്റ് കോളേജ് സ്ഥാപിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാനും അതിനായി ഏകദേശം 15 ഏക്കർ സ്ഥലം വാങ്ങി നൽകുന്നതിനും തീരുമാനിച്ച് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രമേയം പാസാക്കി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിർദ്ദേശം ഫീസിബിലിറ്റി റിപ്പോർട്ടിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

ലോക ബാങ്ക് സഹായത്തോടെ പോളിടെക്നിക്കുകളുടെ നവീകരണം

117 [3007] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം പോളിടെക്നിക്കുകൾ സെന്റർ ഓഫ് എക്സലൻസ് ആക്കിയിട്ടുണ്ട്;

(ബി) ഇതിനായി ലോക ബാങ്കിന്റെ സഹായം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു തുക ലഭ്യമാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly